**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 874** **26-07-2021 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര റഗുലേറ്റഡ് മാർക്കറ്റ് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര റഗുലേറ്റഡ് മാർക്കറ്റ് ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാനുള്ള സർക്കാർ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ സ്റ്റേ ഒഴിവാക്കി പ്രസ്തുത ഭൂമി ഗവൺമെന്റിൽ നിക്ഷിപ്തമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ബി) | കൊയിലാണ്ടി താലൂക്ക് മേഞ്ഞാണ്യം വില്ലേജിൽ പേരാമ്പ്ര ടൗണിൽ മലബാർ മാർക്കറ്റിംഗ് സൊസൈറ്റിക്ക് വേണ്ടി 1.46 ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നു. കമ്മിറ്റി പ്രവർത്തനം അവസാനിപ്പിച്ചതിനെ തുടർന്ന് മുൻ ഭൂവുടമകളിൽ നിന്ന് നിലവിലുള്ള മാർക്കറ്റ് വിലയും പലിശയും ഈടാക്കി ഭൂമി തിരികെ നൽകുന്നതിന് 29.07.2003ലെ സ.ഉ(സാധാ) 2219/03/റവ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കക്ഷികൾ പ്രസ്തുത തുക ഒടുക്കി ഭൂമി പോക്കുവരവ് ചെയ്ത് നികുതി ഒടുക്കാത്തതിനാൽ 16.09.2019ലെ സ.ഉ(സാധാ)2539/2019/റവ, 11.12.2019 ലെ സ.ഉ(സാധാ)3708/2019/റവ, എന്നിവ പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുത്ത് കയ്യേറ്റങ്ങൾ ഇല്ലാതെ സംരക്ഷിക്കാൻ ഉത്തരവായിരുന്നു. ആയത് പ്രകാരം ഭൂമി ഏറ്റെടുത്ത് ജില്ലാ കളക്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ മുൻ ഭൂവുടമകളുടെ അനന്തരാവകാശികൾ ബഹു ഹൈ ക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.സി 26933/2019 ഹർജിയിലെ 10.10.2019ലെ ഇടക്കാല വിധിയിൽ പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതാണ്. സ്റ്റേ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് സത്യവാങ്മൂലം സർക്കാർ കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ് |

സെക്ഷൻ ഓഫീസർ